LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, അതൊക്കെ സാധാരണ നടത്തേണ്ട കാര്യങ്ങളാണ്. അതിനേക്കാൾ വലിയ കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കേന്ദ്രത്തിൽ സർവ്വകക്ഷിസംഘം പോയി നിവേദനം കൊടുത്തിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള എം.പി.മാരിൽ നിരവധിപേർ ഇന്ന് ശക്തൻമാരായ കേന്ദ്ര മന്ത്രിമാരാണ്. എല്ലാവരും ഒരുമിച്ച് ഒറ്റക്കെട്ടായി ഇതുവരെ നിവേദനവുമായി പോയിട്ടില്ല. തമിഴ്നാടിന്റെ കാര്യത്തിൽ കേന്ദ്ര മന്ത്രിമാർ ഉൾപ്പെടെയാണ് നിവേദനവുമായി പോകുന്നത്. കേരളത്തിന്റെ കാര്യത്തിൽ കേന്ദ്രമന്ത്രിമാർ ആ ഡെലിഗേഷനിൽ വരാറില്ല. ആ ഒരു കുറവുണ്ട്. ശ്രീ. എ. കെ. ആന്റണി, ശ്രീ. വയലാർ രവി ഉൾപ്പെടെയുള്ളവർ ഒരുമിച്ച് പ്രധാനമന്ത്രിയെ കാണുന്ന കാര്യം ആലോചിക്കുന്നത് ഉചിതമായിരിക്കും.

**സ്പോർട്സ് കോട്ടയിൽ നിയമനം നടത്താൻ നടപടി**

3(*63) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ സ്പോർട്സ് കോട്ടയിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുവോ ;

(ബി) എങ്കിൽ സ്പോർട്സ് കോട്ടയിൽ നിയമനം നേടുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) സ്പോർട്സ് കോട്ടയിലൂടെ എത്ര ഒഴിവുകൾ നികത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത നിയമനത്തിന് ഇതിനോടകം എത്ര അപേക്ഷകൾ ലഭിച്ചു ; നിയമന നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) ഉണ്ട്.

(ബി) പബ്ലിക് സർവ്വീസിൽ സ്പോർട്സ് കോട്ടാ നിയമനത്തിന്റെ ഭാഗമായി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള വിദ്യാഭ്യാസ-കായിക രംഗങ്ങളിലെ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. 4-9-2010-ലെ വിജ്ഞാപനം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം – ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2006-08 വർഷങ്ങളിൽ പ്രതിവർഷം 20 ഒഴിവുകൾ വീതം 60 ഒഴിവുകളും 2009-ലെ 50 ഒഴിവുകളും ചേർത്ത് ആകെ 110 ഒഴിവുകൾ നികത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) രണ്ടായിരത്തിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. താമസംവിനാ നിയമനം നടപ്പിലാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പി.എസ്.സി. വഴിയുള്ള നിയമനമാണ്, അതാണ് ഇരുപത് അൻപതാക്കിയത്. അത് വലിയ കാര്യമായി എനിക്ക് തോന്നുന്നില്ല. മന്ത്രി പറഞ്ഞതനുസരിച്ച് സ്പോർട്സ് താരങ്ങളുടെ 2000-ത്തിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. .....

(ബഹളം).... സ്പോർട്സ് താരങ്ങളോടും നിങ്ങൾക്ക് ശത്രുതയായോ ; സ്പോർട്സ് കാര്യം പറയാനും സമ്മതിക്കുകയില്ലേ, 2000-ത്തിലധികം അപേക്ഷകൾ പെൻഡിംഗാണെന്നാണ് പറയുന്നത്. ഞാൻ ചോദിക്കട്ടെ, പി.എസ്.സി. മാത്രം പോരല്ലോ,. പൊതുമേഖലാ സ്ഥാപനം, യൂണിവേഴ്സിറ്റി, മറ്റ് ചില സ്ഥാപനങ്ങളിലെ ഡിപ്പാർട്ടുമെന്റുകൾ എന്നിവിടങ്ങളിലെല്ലാം ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനമാണ് നടക്കുന്നത്. ആ മേഖലയിലേക്കുകൂടി ഇക്കാര്യം(മൈക്ക് ഓഫ്)..... പ്രത്യേകം പരിഗണിക്കാൻ തയ്യാറാകുമോ?

ശ്രീ. എം. വിജയകുമാർ : സർ, സ്പോർട്സിനോട് ആർക്കും വിരോധമില്ല. അതിന് വേറെ എന്തെങ്കിലും കാര്യം കാണും. 1980-ലാണ് ആദ്യമായി സ്പോർട്സ് ക്വാട്ടാ നിയമനം കൊണ്ടുവന്നത്. ഇടക്കാലത്ത് സ്പോർട്സ് ക്വാട്ടാ നിയമനം നടത്താൻ സാധിച്ചിട്ടില്ല അത് നിന്നുപോയി. പി.എസ്.സി. മുഖേന 20 പേരെ നിയമിക്കുമായിരുന്നത് ഒറ്റയടിക്കാണ് 50 ആക്കിയത്. അത് നമ്മൾ ചർച്ച ചെയ്തപ്പോൾ ഇരുപത് മുപ്പതായാൽ പോരേ നാൽപ്പതായാൽ പോരേയെന്ന് ചോദിച്ചു. അത് പോരാ, സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയും സഹായകരമായി, അതാണ് അതിൽ പ്രധാനം. അങ്ങനെയാണ് 50 ആക്കിയത്. അത് കൃത്യമായി നടത്തുന്നതിനുള്ള നടപടി യാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അത് യൂണിവേഴ്സിറ്റികളിലേക്കും ഡിപ്പാർട്ടുമെന്റുകളിലേക്കുംകൂടി വിപുലീകരിക്കുന്ന കാര്യം ശ്രീ. പി. സി. ജോർജ് സൂചിപ്പിച്ചിട്ടുണ്ട്. അക്കാര്യം സജീവമായി പരിഗണിക്കും.

ശ്രീ. പി. സി. ജോർജ് : സർ, കെ.എസ്.ഇ.ബി., പോലീസ്, ഫാക്ട്, കെ.എസ്.ആർ.ടി.സി. എന്നിവിടങ്ങളിൽ വോളിബോൾ, ഫുട്ബോൾ ടീമുക ളൊന്നും ഇപ്പോൾ ഇല്ല. കെ.എസ്.ഇ.ബി.യിൽ ഉണ്ട്. പക്ഷേ വോളിബോൾ ടീം ആകുമ്പോൾ പഴയ ആറുപേരല്ലാതെ അതിനപ്പുറത്ത് ആളെ എടുക്കുന്നില്ല. കൊള്ളാവുന്നവരെ എടുക്കുന്നില്ല. വെളിയിൽനിന്ന് വാടകയ്ക്കെടുത്ത് നടത്തു കയാണ്. കേരളത്തിന്റെ അഭിമാനം രക്ഷിക്കത്തക്ക വിധത്തിലുള്ള ടീമുകളെ എടുക്കാൻ പോലീസ് ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെയുള്ള മേഖലയിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, ശ്രീ. പി. സി. ജോർജ് അങ്ങ് പറഞ്ഞത് ശരിയാണ്. പി.എസ്.സി. മുഖേനയുള്ള നിയമനമാണ് ഇരുപത് അൻപതാക്കിയാക്കിയത്. അതുകൊണ്ട് മാത്രമായില്ല. കേരളത്തിലെ കായിക താരങ്ങളെ മുഴുവൻ കേരളത്തിൽ നിലനിർത്താൻ നമുക്ക് സാധിക്കണം. ഇപ്പോൾ കേരളത്തിൽ മികച്ച വിജയമുണ്ടാക്കിയ കായികതാരങ്ങൾപോലും കേരളം വിട്ടുപോകുകയാണ്. അതിന് മാറ്റം വരുത്തി കേരളത്തിലെ കായികതാരങ്ങളെ മുഴുവൻ കേരളത്തിൽ നിലനിർത്തത്തക്ക വിധത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഇക്കാര്യത്തിൽ മുൻകൈ എടുക്കേണ്ടതായിട്ടുണ്ട്.

ശ്രീ. തോമസ് ചാഴികാടൻ : സർ, ഗവൺമെന്റ് അപ്പോയിന്റ്മെന്റും പൊതുമേഖലാ സ്ഥാപനങ്ങളിലെ അപ്പോയിന്റ്മെന്റും സംബന്ധിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. യഥാർത്ഥത്തിൽ സ്പോർട്സ് രംഗത്തേയ്ക്ക് വരുന്ന കുട്ടികൾ തീരേ പാവപ്പെട്ട വീടുകളിൽനിന്നും വരുന്നവരാണ്. കഴിഞ്ഞ ആഴ്ചയിലെ മനോരമ സൺഡേ സപ്ലിമെന്റിൽവന്ന ടിന്റു ലൂക്ക, ആ കുട്ടിയുടെ വീടിന്റെ യൊക്കെ സാഹചര്യം നോക്കിയാൽ ഈ തരത്തിലേക്ക് എങ്ങനെ വന്നുവെന്ന് നമുക്ക് തോന്നിപ്പോകും. ഇന്ത്യയിൽനിന്ന് അത്ലറ്റിക്സിൽ ഏറ്റവും കൂടുതൽ മുൻപന്തിയിൽ നിൽക്കുന്നത് കേരളത്തിലെ വിദ്യാർത്ഥികളാണ്. ഇങ്ങനെ വരാൻ സാധ്യതയുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികളുണ്ട്. അങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് മറ്റ് സ്ഥലങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളുൾപ്പെടെ അവരെക്കൊണ്ടുകൂടി സ്പോൺസർ ചെയ്യിപ്പിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുന്ന സാഹചര്യമുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമല്ല പ്രധാനപ്പെട്ട സ്വകാര്യ കമ്പനികൾകൂടി ഈ രംഗത്തേക്ക് കടന്നുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. വിജയകുമാർ : സർ, കായികതാരങ്ങളുടെ ജോലി, അവരുടെ സംരക്ഷണം എന്നിവ ഒരു പ്രധാനപ്പെട്ട കാര്യമായിത്തന്നെയാണ് സർക്കാർ കാണുന്നത്. അതിന് ടോപ് പ്രയോറിറ്റിയാണ് കൊടുക്കുന്നത്. കായികതാരമായ മുരളിക്കുട്ടന്റെ ദുരന്തം സ്കൂൾ ഗെയിംസിൽ നാം കണ്ടതാണല്ലോ! കായികതാരമായ ശ്രീമതി മേഴ്സി കുട്ടന്റെ അപേക്ഷ അടുത്ത കാലത്താണ് കിട്ടിയത്. അവർക്ക് കൊച്ചിയിൽ വീടില്ല, സ്ഥലവുമില്ല. വളരെ പെട്ടെന്ന് ഒന്നുരണ്ട് ദിവസംകൊണ്ടുതന്നെ നടപടികൾ പൂർത്തീകരിച്ച് ശ്രീമതി മേഴ്സി കുട്ടന് വീടുവയ്ക്കാൻ (ബഹളം). സ്ഥലം കൊടുക്കാൻ തീരുമാനിച്ചു. അപേക്ഷ എന്റെ കയ്യിലല്ലേ കിട്ടിയത്. (ബഹളം)..... അത് വെറുതെയാണ്. 15 വർഷംവരെ നിങ്ങൾ എന്തെങ്കിലും ചെയ്തോ; നിങ്ങൾ രാഷ്ട്രീയം കൊണ്ടുവരരുത്. 15 വർഷമാണെങ്കിൽ പോട്ടേ, ശ്രീ. തോമസ് ചാഴികാടൻ അഞ്ച് വർഷം എന്തുചെയ്തു; .....(ബഹളം)..... എനിക്കും റവന്യൂ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും 10/11-നാണ് നിവേദനം കിട്ടിയത്. റവന്യൂ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഇന്നലത്തെ മന്ത്രിസഭായോഗത്തിൽ കൊച്ചി നഗരത്തിൽ മരടിനടുത്ത് പത്തുസെന്റ് സ്ഥലം

ശ്രീമതി മേഴ്സി കുട്ടന് നൽകാൻ തീരുമാനിച്ചു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ അവരുടെ അക്കാഡമിക്ക് 25 ലക്ഷം രൂപ അനുവദിച്ചു, തുടർന്നും അനുവദിക്കും. ആ അക്കാഡമി അവർ സ്വയം സ്ഥാപിച്ചതാണ്, അവരുടെ എല്ലാ കാര്യങ്ങളിലും സർക്കാരിന് ഈ സമീപനമാണുള്ളത്. അങ്ങ് പറഞ്ഞ തുപോലെ ഇത് സ്വകാര്യ മേഖലയിലും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, വിദ്യാഭ്യാസ-കായിക രംഗങ്ങളിലെ മികവുകളുടെ അടിസ്ഥാനത്തിലാണ് ജോലിക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. ഇന്ന് ലിസ്റ്റ് കണ്ടപ്പോൾ അതിൽ കളരിപ്പയറ്റ് വരെ അതിന് അർഹതയുള്ള ഐറ്റമായി മാറിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ ജൂഡോയും കരാട്ടെയുംകൂടി അതിൽ ഉൾപ്പെടുത്തത്തക്ക നിലയിൽ മികവ് പുലർത്തുന്ന കായികതാരങ്ങളെ ഈ സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിക്കത്തക്ക വിധത്തിൽ അർഹതയുള്ളവരായി മാറ്റുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, തീർച്ചയായും അതിനെ സംബന്ധിച്ച് തീരുമാനിക്കാം.

ശ്രീ. ജോസഫ് എം പുതുശ്ശേരി : സർ, സ്പോർട്സ് രംഗത്ത് വൈദഗ്ദ്ധ്യമുള്ള ആളുകളെ സംരക്ഷിക്കാനും അതനുസരിച്ച് നമ്മുടെ പ്രകടനം മെച്ചപ്പെടുത്താനും വേണ്ടിയുള്ളതാണ് സ്പോർട്ട്സ് ക്വാട്ടാ നിയമനം. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മുമ്പുണ്ടായിരുന്ന തരത്തിലുള്ള ടീമുകളൊന്നും ഇപ്പോൾ നമുക്കില്ല. ഏഷ്യൻ ഗെയിംസിലും കോമൺവെൽത്ത് ഗെയിംസിലുമൊക്കെ നമ്മുടെ ആളുകൾ സ്വർണ്ണമെഡലടക്കം കരസ്ഥമാക്കിക്കൊണ്ട് അഭിമാനകരമായ നേട്ടം നേടുകയുണ്ടായി. അവരെ വേണ്ടതുപോലെ ആദരിക്കാൻ നമുക്ക് കഴിയുന്നുണ്ടോ; ഇക്കാര്യത്തിൽ ഒരു പരിശോധന ഉണ്ടാകണം. അവർക്ക് ഉന്നതമായ നിയമനങ്ങൾ നൽകി അത്തരക്കാരെ പ്രോത്സാഹിപ്പിക്കാനും ബഹുമാനപ്പെട്ട മന്ത്രി എപ്പോഴും പറയുന്നതുപോലെ ഒളിമ്പിക് സ്വർണ്ണം എന്ന ലക്ഷ്യം നേടുന്നതിനാവശ്യമായ അടിത്തറ സൃഷ്ടിക്കാനുമാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നമ്മൾ ഒട്ടും പിന്നിലല്ല. കോമൺവെൽത്തിലും ഏഷ്യൻ ഗെയിംസിലും വിജയിച്ചവർക്ക് ഈ മാസം 27-ാം തീയതി സർക്കാരിന്റെ നേതൃത്വത്തിൽ പ്രതിപക്ഷനേതാവും അങ്ങും ഉൾപ്പെടെ നമ്മൾ എല്ലാവരും ചേർന്നുകൊണ്ട് ഒരു പൊതുസ്വീകരണം ഇവിടെ വച്ചിട്ടുണ്ട്. അവർക്ക് പ്രഖ്യാപിച്ച അഞ്ച് ലക്ഷം രൂപ മുതൽ പത്ത് ലക്ഷം രൂപ വരെയുള്ള ക്യാഷ് അവാർഡുകൾ കൊടുക്കുന്നുണ്ട്. അങ്ങ് ഇത് അറിഞ്ഞുകൊണ്ട്

.....

മി. സ്പീക്കർ : ഈ നിയമസഭയും സ്വീകരണം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : ഇന്നേവരെ ഇങ്ങനെ ഉണ്ടായിട്ടില്ല. കേരള നിയമസഭ കോമൺവെൽത്തിലും ഏഷ്യൻ ഗെയിംസിലും വിജയിച്ചവരെ വിളിച്ച് ആദരിക്കാൻ പോകുന്നു. ബഹുമാനപ്പെട്ട സ്പീക്കർ അതിന് മുൻകൈ എടുത്തതിൽ സന്തോഷമുണ്ട്. നിയമനത്തിന്റെ കാര്യത്തിൽ ഇവിടെ സൂചിപ്പിച്ചു. കായികതാരങ്ങൾക്ക് നിയമനത്തിനുവേണ്ടി അന്യസംസ്ഥാനത്തിൽ പോകേണ്ട അവസ്ഥ ഉണ്ടാകാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കും.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സ്പോർട്ട്സവകുപ്പുമന്ത്രി പറഞ്ഞതിനോട് കൂട്ടിച്ചേർക്കാനുള്ളത് സ്ക്കൂൾ വിദ്യാർത്ഥികളും കോളേജ് വിദ്യാർത്ഥികളുമാണ് കായിക രംഗത്ത് ഏറ്റവും കൂടുതൽ മെഡലുകൾ നേടുന്നത്. അഞ്ച്/ആറ് മന്ത്രിസഭാ യോഗങ്ങൾക്ക് മുമ്പ് ദേശീയ സ്ക്കൂൾ ഗെയിംസ് നടന്നു കഴിഞ്ഞപ്പോൾ ദേശീയ സ്കൂൾ ഗെയിംസിൽ ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും മൂന്നാം സ്ഥാനവും നേടുന്ന കുട്ടികൾക്ക് അന്നുവരെ എത്രയോ വർഷങ്ങളായി നൽകിക്കൊണ്ടിരുന്ന പാരിതോഷികം 3,000 രൂപയും 4,000 രൂപയും 5,000 രൂപയുമാണ്. അത് അഞ്ച് ഇരട്ടിയാക്കി യഥാക്രമം 15,000 രൂപ, 20,000 രൂപ, 25,000 രൂപ എന്ന നിരക്കിൽ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയും അത് വിതരണം ചെയ്യുകയും ചെയ്തു.

മി. സ്പീക്കർ : കൃത്യസമയത്ത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എം. എ. ബേബി : കൃത്യസമയത്ത് തന്നെ കൊടുക്കും. ഈ ഗവൺമെന്റ് വരുമ്പോൾ ധാരാളം കുടിശ്ശികയുണ്ടായിരുന്നു. ഇപ്പോൾ മുഴുവൻ കുടിശ്ശികയും തീർത്തുകൊടുത്തിരിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി : പി.എസ്.സി. മുഖാന്തിരമല്ലാതെ തന്നെ പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ ഇനങ്ങളിലുള്ള ടീമുകൾ ഉണ്ടാക്കുവാനുള്ള നിർദ്ദേശവും ആ ടീമുകളെ നിലനിറുത്തിക്കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള ഒരു ബഡ്ജറ്റ് സപ്പോർട്ടോടുകൂടി ബഡ്ജറ്റിന്റെ ഒരു സഹായവും കൂടി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ ?

ശ്രീ. എം. വിജയകുമാർ : ശ്രീ. വി. ശിവൻകുട്ടി മനസ്സിലാക്കേണ്ടത് നേരത്തെ പറഞ്ഞ 50 സ്പോർട്സ് ക്വാട്ട നിയമനങ്ങൾ മാത്രമല്ല, ഏറ്റവും കൂടുതൽ സ്പോർട്സ് താരങ്ങളെ നിയമിക്കാൻ കഴിയുന്ന വകുപ്പ് പോലീസ് വകുപ്പാണ്. പോലീസ് വകുപ്പിൽ കഴിഞ്ഞ 12 വർഷമായി സ്പോർട്സ് ക്വാട്ടാ നിയമനം നിശ്ചലമായിരുന്നു, നിലവിലില്ലായിരുന്നു. അത് പുനഃസ്ഥാപിച്ചു. പോലീസ് വകുപ്പിൽ 10 ശതമാനം സ്പോർട്സ് ക്വാട്ടാ നിയമനം നടത്താൻ സർക്കാർ തീരുമാനിച്ച് നടപടികൾ ആരംഭിച്ചു. അതിന്റെ ആദ്യപടിയായി ടീം ഉൾപ്പെടെ 64 പേരെ നിയമിക്കുന്ന കാര്യമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ ടീമുകളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ മുൻകൈ എടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് : സർ, അങ്ങ് പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അക്കാര്യത്തിൽ മന്ത്രിസഭ വിളിച്ചുചേർത്ത് വളരെ അടിയന്തരമായി എന്തെങ്കിലും നടപടി സ്വീകരിക്കാൻവേണ്ടി ആലോചിക്കുന്നുണ്ടോ ; അത് കൂടാതെ തന്നെ സ്പോർട്സ് കാട്ടായിൽ ജൂഡോയും കരാട്ടെയും ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് പറഞ്ഞതുപോലെതന്നെ റോളർ സ്ക്കേറ്റിംഗ് കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ഒരു പൊതുമേഖലാ വ്യവസായ സ്ഥാപനത്തിൽ ഒരു സ്പോർട്ട്സ് ടീം എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അത് വലിയ വ്യവസായ സ്ഥാപനങ്ങൾ മുതൽ ഇങ്ങേയറ്റം ചെറിയ വ്യവസായ സ്ഥാപനങ്ങൾ വരെയുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ മുമ്പ് നല്ല സ്പോർട്ട്സ് ടീം ഉണ്ടായിരുന്നത് നിന്നുപോയി. അത് തത്ത്വത്തിൽ അംഗീകരിക്കുക മാത്രമല്ല മാതൃകാപരമായി നടപ്പാക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിലുള്ള കെ. എസ്. ഇ. ബി. സ്പോർട്സിന്റെ കാര്യത്തിൽ നിരവധി ഡിസിപ്ലിനുകളുണ്ട്. വ്യാവസായിക മേഖലയിൽ നിന്നുപോയ സ്പോർട്ട്സ് ടീമുകളെ വ്യവസായ വകുപ്പുമന്ത്രി ശ്രീ.എളമരം കരീമാണ് പുന:സ്ഥാപിച്ചത്. അങ്ങനെ മാതൃകാപരമായ രീതിയിൽ ഒരു സ്ഥാപനത്തിൽ ഒരു സ്പോർട്ട്സ് ടീം എന്ന ആശയമാണ് ഗവൺമെന്റിനുള്ളത്. റോളർ സ്ക്കേറ്റിംഗിന്റെ കാര്യം സ്പോർട്സ് കൗൺസിലിന്റെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ അതിന് തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. സർക്കാർ ആവശ്യമായ പ്രോത്സാഹനം നൽകും.

ശ്രീ. എ. പ്രദീപ് കുമാർ : സർ, സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്പോർട്സ് താരങ്ങൾക്ക് ജോലി നൽകുന്ന കാര്യമാണ് ഇവിടെ പറഞ്ഞുകൊണ്ടിരുന്നത്. അതിനേക്കാൾ വിപുലമായ സാദ്ധ്യതയുള്ളതാണ് ഇവിടത്തെ സഹകരണമേഖല. സഹകരണമേഖല സമ്പൽസമൃദ്ധമാണ്. അവർക്ക് വലിയ ബാലൻസ് ഷീറ്റാണുള്ളത്. അവിടെ സഹകരണ ബാങ്കുകളിലും സ്ഥാപനങ്ങളിലും സ്പോർട്സ് ടീമുകളെ സംഘടിപ്പിക്കാനും അവിടത്തെ നിയമനങ്ങളിൽ സ്പോർട്സ് കാട്ടയുണ്ടാക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, സഹകരണ സ്ഥാപനങ്ങളിൽ സ്പോർട്സ് ടീമുകളെ സംഘടിപ്പിക്കുവാൻ നിയമപരമായ അവകാശമില്ല. അത് ജനങ്ങളുടെ പണമാണ്. അത് ഗവൺമെന്റിന്റെ പണം അല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞത് തള്ളിക്കളയേണ്ട കാര്യമല്ല. കാരണം, ഒരുപാട് കാര്യങ്ങൾക്ക് സഹകരണ സംഘത്തിന്റെ പണം വെറുതേ കളയുന്നുണ്ട്. അത് അവിടെ നിൽക്കട്ടെ, ഇലക്ട്രിസിറ്റി ബോർഡിൽ ഒരു ഫുട്ബാൾ ടീം ഉണ്ടാക്കാൻ സ്പോർട്സ് കൗൺസിലിൽനിന്ന് ഒരാളെ എടുക്കും. പക്ഷേ ഭരിക്കുന്നവർക്ക് താല്പര്യമുള്ള ഒന്നോ രണ്ടോ പേരെ അപ്പോൾ എടുത്ത് ഒരു ടീം ഉണ്ടാക്കാൻ പറ്റില്ല. പതിനൊന്നുപേർ കളിക്കേണ്ട ഒരു ടീമിൽ പതിനൊന്ന് പേരെ പൂർണ്ണമായി എടുക്കാമെങ്കിലും ഇങ്ങനെ എടുക്കുന്നവരെ ആ ഡിപ്പാർട്ടുമെന്റിലെ മറ്റ് ഉദ്യോഗസ്ഥന്മാർ ഹരാസ് ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്. സ്പോർട്സ്കാർക്ക് ഒരു ഗുണമുണ്ട്. രാവിലെ കളിക്കാൻ പോകാം, കോച്ചിംഗിന് പോകാം, ഓഫീസിൽ കുറച്ചുദിവസം വന്നാൽ മതി. മറ്റുള്ള ഉദ്യോഗസ്ഥന്മാരും മേലുദ്യോഗസ്ഥന്മാരും ഇവരെ ഹരാസ് ചെയ്ത് ഇവരുടെ സ്പോർട്സിലുള്ള താല്പര്യം, ഇവരുടെ മൊറാൽ തകർക്കുന്ന തരത്തിലുള്ള പ്രവർത്തനമുണ്ട്. ഇത് പരിഹരിക്കാൻ ജനുവിനായിട്ടുള്ള—ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിലെ ഒരു ഫുട്ബാൾ ടീം, അല്ലെങ്കിൽ ട്രാൻസ്പോർട്ടിലെ ഒരു ക്രിക്കറ്റ് ടീം—ഒരു ടീമിനെ സ്റ്റേറ്റിനുവേണ്ടി ഉണ്ടാക്കാനും ഇത് കോ-ഓർഡിനേറ്റ് ചെയ്യാനും ആവശ്യമായ കോച്ചുകളെ നൽകുന്നതിനും സ്പോർട്സ് കൗൺസിൽ എന്ത് നടപടിയെടുത്തുവെന്ന് അറിയിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, അങ്ങനെ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് കെ.എസ്.ഇ.ബി.യിൽ ശ്രീ കെ.ബി. ഗണേഷ് കുമാർ പറഞ്ഞതുപോലെയുള്ള സംവിധാനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതുമാത്രമല്ല ഇപ്പോൾ പോലീസിലേക്കുള്ള റിക്രൂട്ട്മെന്റിൽ വോളിബോൾ, ബാസ്ക്കറ്റ്ബാൾ, അത്ലറ്റിക്സ് എന്നിവയിൽ 64 പേരെ നിയമിക്കാൻ നടപടി ആയിക്കഴിഞ്ഞു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, നിയമനം പോലെതന്നെ സ്പോർട്സ് പ്രോത്സാഹിപ്പിക്കാനുള്ള പല നടപടികളും ഈ സർക്കാർ എടുക്കുന്നുണ്ട്. ഉദാഹരണമായി ഈ അസംബ്ലിയിൽ ഒരിക്കൽ പറഞ്ഞപ്പോൾ ലോകോത്തര ചാമ്പ്യനായ സത്യന്റെ ഭാര്യക്ക് പെട്ടെന്ന് നിയമനം കൊടുക്കുന്നതിന് തയ്യാറായി. എന്നാൽ മലബാർ വോളീബോൾ കളിയുടെ കേന്ദ്രമാണ്. അവിടെ ഒരു വോളീബാൾ അക്കാഡമി സ്ഥാപിക്കാൻ സ്ഥലം അനുവദിക്കുന്നതിന് സ്പോർട്സ് വകുപ്പുമന്ത്രി ശ്രമിക്കുമോ ?

ശ്രീ. എം. വിജയകുമാർ : വോളിബാൾ അക്കാഡമി ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അത് അങ്ങേക്ക് അറിയാമല്ലോ.